മാധ്യമം

29 April 2017

# സംസ്ഥാനത്ത് മീൻവില കുറയുന്നു?

- സി.എം.എഫ്.ആർ.ഐ യിലെ സാമൂഹിക-സാമ്പത്തിക അവലോകന വിഭാഗമാണ് പഠനം നടത്തിയത്



**കൊച്ചി:** ആവശ്യക്കാരേറെയുള്ള കേരളത്തിൽ മീനുകളുടെ വില കഴിഞ്ഞവർഷം കുറഞ്ഞതായി പഠനം. കേരളത്തിൽ ഉപയോഗിക്കുന്ന മത്സ്യത്തിന്റെ 40 ശതമാനം ഇതരസംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നതെന്നും കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠനം വ്യക്തമാക്കുന്നു. പുറം സംസ്ഥാനങ്ങളിൽനിന്ന് മീൻ വരുന്നതാണ് കേരളത്തിൽ മത്സ്യവില കുറയാൻ കാരണമെന്നും പഠനം വെളിപ്പെടുത്തുന്നു.

സി.എം.എഫ്.ആർ.ഐ യിലെ സാമൂഹിക-സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമും സംഘവുമാണ് മീനുകളുടെ വിപണനവും പുറം സംസ്ഥാനങ്ങളിൽനിന്ന് വരുന്ന മത്സ്യങ്ങളുടെ കണക്കും സംബന്ധിച്ച് പഠനം നടത്തിയത്.

2016ൽ മുൻവർഷത്തെ അപേക്ഷിച്ച് 20 ശതമാനം വരെ വിലയിൽ കുറവുണ്ടായി. 2014നെ അപേക്ഷിച്ച് 2015ൽ മീൻവിലയിൽ 35 ശതമാനം വർധന ഉണ്ടായിരുന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോഴാണ് കഴിഞ്ഞവർഷം മീൻവിലയിൽ കുറവ് വന്നതായി കണ്ടെത്തിയത്. കടലിൽ നിന്നുള്ള ലഭ്യതയിൽ കുറവുണ്ടായ മത്സ്യങ്ങളുടെ വിലയും കുറഞ്ഞിട്ടുണ്ട്. അയലയുടെ വിലയിലാണ് ഏറ്റവും കുറവുണ്ടായത്. 30.6 ശതമാനം. കേരളീയരുടെ ഇഷ്ട മത്സ്യങ്ങളായ മത്തി, അയല, കൊഴുവ, ശീലാവ്, കിളിമീൻ എന്നിവയുടെ വില മൊത്തത്തിൽ 20.7 ശതമാനം കുറഞ്ഞു. കർണാടക, തമിഴ്നാട്, ഗോവ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡിഷ എന്നീ സംസ്ഥാനങ്ങളിൽനിന്നാണ് മത്സ്യം കേരളത്തിലെത്തുന്നത്.

ഒരു ദിവസം ശരാശരി 2000 മുതൽ 2500 ടൺവരെയാണ് കേരളത്തിലെ മത്സ്യ ഉപഭോഗം. കർണാടകയിൽ നിന്നാണ് കേരളത്തിലേക്ക് ഏറ്റവും കൂടുതൽ മീൻ വരുന്നത്. മൊത്തം വരവ് മത്സ്യങ്ങളുടെ 22 ശതമാനം കർണാടകയിൽ നിന്നാണ്. 20 കേന്ദ്രങ്ങളിലാണ് പഠനം നടത്തിയത്.